**No.1010/5LLB/2014/TA2/CEE**

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

## കേരളത്തിലെ സർക്കാർ ലോ കോളേജുകളിലേയും സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലേയും 2014–15 ലെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി. കോഴ്സിലേയ്ക്കുള്ള അവസാന ഘട്ട കേന്ദ്രീകൃത അലോട്ടുമെന്റ്

കേരളത്തിലെ 4 ഗവൺമെന്റ് ലോ കോളേജുകളിലേയും പുതുതായി ഉൾപ്പെടുത്തിയ ഒരു സ്വകാര്യ സ്വാശ്രയ കോളേജടക്കം 16 സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലേയും 2014–15 വർഷത്തെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി കോഴ്സിലേയ്ക്ക് പ്രവേശനത്തിനുള്ള അവസാന ഘട്ട കേന്ദ്രീകൃത അലോട്ടുമെന്റ് **24.09.2014 (ചൊവ്വാഴ്ച)** പ്രസിദ്ധീകരിക്കുന്നതാണ്.

വിദ്യാർത്ഥികൾക്ക് **20.09.2014** മുതൽ **22.09.2014 വൈകുന്നേരം 4 മണി** വരെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ ഓപ്ഷനുകൾ പുന:ക്രമീകരിക്കുകയും പുതുതായി ഉൾപ്പെടുത്തിയ കോളേജ്, കോഴ്സ് എന്നിവയിലേയ്ക്ക് ഓപ്ഷനുകൾ നൽകുവാനും ആവശ്യമില്ലാത്ത ഹയർ ഓപ്ഷനുകൾ റദ്ദാക്കുകയും ചെയ്യാവുന്നതാണ്. ഒന്നാം ഘട്ട അലോട്ടുമെന്റിൽ ലഭിച്ച അഡ്മിഷൻ തൃപ്തികരമാണെങ്കിൽ വിദ്യാർത്ഥികൾ തങ്ങളുടെ എല്ലാ ഹയർ ഓപ്ഷനുകളും റദ്ദ് ചെയ്യേണ്ടതാണ്. ഒന്നാം ഘട്ട അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിച്ചവർക്ക് ആവശ്യമാണെങ്കിൽ പുതുതായി ഉൾപ്പെടുത്തിയ കോഴ്സ്/കോളേജിലേയ്ക്ക് ഓപ്ഷൻ ഫയൽ ചെയ്ത് അഡ്മിഷൻ നേടാൻ അവസരമുണ്ടാകുന്നതാണ്.

**വിശദമായ അലോട്ടുമെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു.**

| | |
|---|---|
| **20.09.2014** | ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിന്/റദ്ദാക്കുന്നതിന്/ പുതിയ കോഴ്സുകളിലേയ്ക്ക് ഓപ്ഷൻ നൽകുന്നതിന് വെബ്സൈറ്റ് സജ്ജമാകുന്നു |
| **22.09.2014**<br>വൈകുന്നേരം 4 മണി | ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിന്/റദ്ദാക്കുന്നതിന്/പുതിയ കോഴ്സുകളിലേയ്ക്ക് ഓപ്ഷൻ നൽകുന്നതിന് സൗകര്യം അവസാനിക്കുന്നു |
| **24.09.2014** | **അവസാന ഘട്ട അലോട്ടുമെന്റ്** |
| **25.09.2014, 26.09.2014, 27.09.2014** | വിദ്യാർത്ഥികൾ അലോട്ടുമെന്റ് ലഭിച്ച കോളേജുകളിൽ ഹാജരായി പ്രവേശനം നേടണം |
| **27.09.2014**<br>വൈകുന്നേരം 5.30 ന് | കോളേജ് പ്രിൻസിപ്പൽമാർ നോൺജോയിനിംഗ് റിപ്പോർട്ട് ഓൺലൈനായും അതിന്റെ പ്രിൻൗട്ട് ഫാക്സ് മുഖേനയും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നൽകണം |

**<u>പുതിതായി ഉൾപ്പെടുത്തിയ കോളേജ്:</u>**

| കോളേജ് കോഡ് | കോളേജ് | കോഴ്സ് കോഡ് | കോഴ്സ് |
|---|---|---|---|
| **AIL** | അബൂക്കൻ ഇട്ടൂപ്പ് മെമ്മോറിയൽ (എ ഐ എം) കോളേജ് ഓഫ് ലോ, തൃശ്ശൂർ. | **LO** | BBA LLB(Hons) |

**<u>പുതുതായി ഉൾപ്പെടുത്തിയ കോഴ്സ്:</u>**

| കോളേജ് കോഡ് | കോളേജ് | കോഴ്സ് കോഡ് | കോഴ്സ് |
|---|---|---|---|
| **CTL** | കോ–ഓപ്പറേറ്റീവ് സ്കൂൾ ഓഫ് ലോ, തൊടുപുഴ, ഇടുക്കി. | **LC** | B.com LLB |

**ഫീസ്:**

സർക്കാർ ലോ കോളേജുകളിൽ അടക്കേണ്ട ഒന്നാം വർഷ ട്യൂഷൻ ഫീസ് **1500/– രൂപ**യും. സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിൽ അടക്കേണ്ട ഒന്നാം വർഷ ട്യൂഷൻ ഫീസ് **15000/– രൂപ**യും തിരികെ ലഭിക്കുന്ന നിക്ഷേപത്തുക **50000/– രൂപ**യുമാണ്.

സർക്കാർ ലോ കോളേജുകളിലേയും സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലേയും 2014 ലെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി കോഴ്സ് പ്രവേശനത്തിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള വിശദമായ ഫീസ് ഘടനയുടെ ഉത്തരവുകൾ യഥാക്രമം G.O.(Ms)No.577/2013/H.Edn dated 17.08.2013, G.O.(Ms)No.630/2013/H.Edn dated 28.09.2013 **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. 2014 ലെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി കോഴ്സിന്റെ വാർഷിക ട്യൂഷൻ ഫീസ്, മറ്റു ഫീസ്, ഡെപ്പോസിറ്റ് എന്നിവ അലോട്ടുമെന്റ് ലഭിക്കുന്ന കോളേജുകളിൽ തന്നെ അഡ്മിഷൻ സമയത്ത് ഒടുക്കേണ്ടതാണ്.

അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അഡ്മിഷൻ സമയത്ത് പ്രോസ്പെക്ടസ് ഖണ്ഡിക **6** ൽ പറയുന്ന യോഗ്യത നേടിയിരിക്കണം.

**അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ട രേഖകൾ:**

1. പ്രവേശന പരീക്ഷയുടെ അഡ്മിറ്റ് കാർഡ്.
2. പ്രവേശന പരീക്ഷാ കമ്മീഷണർ നൽകുന്ന അലോട്ടുമെന്റ് ലെറ്റർ.
3. എസ്.എസ്.എൽ.സി/ജനന തിയതി തെളിയിക്കുന്ന മറ്റു രേഖകൾ.
4. യോഗ്യതാ പരീക്ഷയുടെ മാർക്ക്ലിസ്റ്റുകളും പാസ് സർട്ടിഫിക്കറ്റും (അസ്സൽ).
5. വിദ്യാർത്ഥി അവസാനം പഠിച്ച സ്ഥാപനത്തിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റും സ്വഭാവ സർട്ടിഫിക്കറ്റും.
6. അടുത്തകാലത്തെടുത്ത രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ.
7. സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന അപേക്ഷകർ അതത് സ്ഥാപന മേധാവിയിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റും സ്വഭാവ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.
8. കേരളത്തിന് പുറത്തുള്ള യൂണിവേഴ്സിറ്റികളിൽ/ബോർഡുകളിൽ നിന്ന് യോഗ്യതാ പരീക്ഷ പാസ്സായ അപേക്ഷകർ പ്രസ്തുത പരീക്ഷകൾ അംഗീകരിച്ചിട്ടുള്ളതായി കേരളത്തിലെ ഒരു യൂണിവേഴ്സിറ്റി നൽകുന്ന എലിജിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
9. മറ്റ് യൂണിവേഴ്സിറ്റികളിൽ നിന്നും യോഗ്യത നേടിയ വിദ്യാർത്ഥികൾ അഡ്മിഷൻ സമയത്ത് മൈഗ്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

***നിർദ്ദിഷ്ട തിയതികളിൽ കോളേജുകളിൽ അഡ്മിഷൻ നേടാത്ത വിദ്യാർത്ഥികൾക്ക് നിലവിലുള്ള അലോട്ടുമെന്റ് നഷ്ടപ്പെടുന്നതാണ്.***

അവസാന ഘട്ട അലോട്ടുമെന്റിൽ ഹയർ ഓപ്ഷനിലേക്ക് അലോട്ടുമെന്റ് ലഭിക്കുന്നവർ നിലവിലുള്ള കോളേജിൽ നിന്നും ടി.സിയും അനുബന്ധ രേഖകളും കോളേജിൽ പ്രവേശനം നേടിയ സമയത്ത് അടച്ച തുകയും വാങ്ങിയശേഷം പുതിയ കോളേജിൽ നിർദ്ദിഷ്ട തീയതികളിൽ തന്നെ പ്രവേശനം നേടേണ്ടതാണ്. അല്ലാത്ത പക്ഷം അവർക്ക് നിലവിലുള്ള അഡ്മിഷനും നഷ്ടപ്പെടുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ **0471 2339101, 2339102, 2339103, 2339104** എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
**19.09.2014**

**പ്രവേശന പരീക്ഷാ കമ്മീഷണർ**